**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1360** **07-02-2023 - ൽ മറുപടിയ്ക്ക്**

**പഠന നിലവാരം ഉയര്‍ത്തുന്നതിനുള്ള നടപടികള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴല്‍നാടന്‍,<br>ശ്രീ. തിരുവഞ്ചൂര്‍ രാധാകൃഷ്ണന്‍ ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ വി ശിവന്‍കുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവര്‍ഗ്ഗ, മത്സ്യത്തൊഴിലാളി മേഖലകളിലെ കുട്ടികളുടെ പഠന നിലവാരം വിലയിരുത്തിയിട്ടുണ്ടോ; | (എ) | തീരപ്രദേശം, തോട്ടം മേഖല, ആദിവാസി വിഭാഗങ്ങള്‍ എന്നിവരുടെ പഠനപിന്നോക്കാവസ്ഥയുടെ കാരണങ്ങളും പരിഹാരങ്ങളും സംബന്ധിച്ച് 2018-2019 വര്‍ഷത്തില്‍ എസ്.സി.ഇ.ആര്‍.ടി ഗവേഷണപഠനം സംഘടിപ്പിച്ചിരുന്നു. കോവിഡ് കാലത്തെ കുട്ടികളുടെ അക്കാദമികവും മനോ-സാമൂഹികവുമായ അവസ്ഥ സംബന്ധിച്ച് എസ്.സി.ഇ.ആര്‍.ടി 2021-ല്‍ നടത്തിയ പഠനത്തില്‍ ആദിവാസി മേഖലകളെ പ്രത്യേകമായി പരിഗണിച്ചിരുന്നു. |
| (ബി) | എങ്കില്‍ പ്രസ്തുത മേഖലകളിലെ കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് എന്ത് ഇടപെടലാണ് നടത്തിയതെന്ന് അറിയിക്കാമോ; | (ബി) | ആദിവാസി മേഖലകളില്‍ ചെറിയ ക്ലാസുകളില്‍ കുട്ടികളെ പഠനത്തില്‍ സഹായിക്കുന്നതിനായി മെന്റര്‍ ടീച്ചര്‍ സംവിധാനം ഏര്‍പ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തെ പ്രബല ആദിവാസി വിഭാഗത്തില്‍പ്പെടുന്ന അഭ്യസ്തവിദ്യരായ ആളുകളെയാണ് മെന്റര്‍ ടീച്ചറായി നിയോഗിച്ചിട്ടുള്ളത്. ഇവര്‍ക്ക് പ്രത്യേക പരിശീലനങ്ങള്‍ നല്‍കിവരുന്നു. വിവിധ ആദിവാസി ഭാഷകളിലേയ്ക്ക് ഡിജിറ്റല്‍ വിഭവങ്ങള്‍ മൊഴിമാറ്റുന്ന പ്രവര്‍ത്തനം നടത്തിയിട്ടുണ്ട്. കൂടാതെ ആദിവാസി, തോട്ടം തീരപ്രദേശം എന്നീ മേഖലകള്‍ കേന്ദ്രീകരിച്ച് പ്രത്യേക പഠന പരിപോഷണ പരിപാടിയും വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാന്‍ പദ്ധതിയില്‍ ഉള്‍പ്പെടുത്തി നടപ്പിലാക്കി വരുന്നു<br><br>**പട്ടികജാതി പട്ടികവര്‍ഗ്ഗ, വിദ്യാര്‍ത്ഥികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സംസ്ഥാന സര്‍ക്കാര്‍ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികള്‍ ചുവടെ ചേര്‍ക്കുന്നു.**<br><br>**1. പ്രീ മെട്രിക് സ്കോളര്‍ഷിപ്പ്** |

| | | | |
|---|---|---|---|
| | | | **2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**<br><br>**3. ഓവർസീസ് സ്കോളർഷിപ്പ്**<br><br>**4. പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ധനസഹായം**<br><br>**5.. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.**<br><br>**ഫിഷറീസ് വകുപ്പ്, പ്രസ്തുത വകുപ്പിൻ കീഴിൽ മത്സ്യതൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈയ് പെന്റ്, ട്യൂഷൻ ഫീസ്, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, പോക്കറ്റ് മണി, സ്പെഷ്യൽ ഫീസ് എന്നിവ നൽകി വരുന്നു. പ്രസ്തുത ആവശ്യത്തിനായി 2022-23 സാമ്പത്തിക വർഷം 32.5കോടി രൂപ ഫിഷറീസ് വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പത്ത് ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭക്ഷണം, താമസ സൗകര്യം, യൂണിഫോം സ്പെഷ്യൽ കോച്ചിംഗ്, സ്റ്റഡി ടൂർ എന്നിവ പൂർണ്ണമായും സൗജന്യമാണ്. അതു കൂടാതെ മത്സ്യതൊഴിലാളി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇൻർനെറ്റ്, ടി.വി പ്രോജക്ടർ, പ്രിന്റർ എന്നിവ നൽകുന്നതിനുള്ള 'പ്രതിഭാതീരം' എന്ന പദ്ധതി ഫിഷറീസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യതൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസവും ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.** |
| (സി) | പ്രസ്തുത മേഖലകളിലെ ഓരോ കുട്ടിയുടെയും പഠനത്തിലുള്ള പ്രത്യേക ആവശ്യകതകൾ കണക്കിലെടുത്ത് അവർക്ക് പ്രത്യേക പിന്തുണ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ആദിവാസി മേഖലകളിൽ ചെറിയ ക്ലാസുകളിൽ കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി മെന്റർ ടീച്ചർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തെ പ്രബല ആദിവാസി വിഭാഗത്തിൽപ്പെടുന്ന അഭ്യസ്തവിദ്യരായ ആളുകളെയാണ് മെന്റർ ടീച്ചറായി നിയോഗിച്ചിട്ടുള്ളത്. ഇവർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകിവരുന്നു. വിവിധ ആദിവാസി ഭാഷകളിലേയ്ക്ക് ഡിജിറ്റൽ വിഭവങ്ങൾ മൊഴിമാറ്റുന്ന പ്രവർത്തനം നടത്തിയിട്ടുണ്ട്. കൂടാതെ ആദിവാസി, തോട്ടം തീരപ്രദേശം എന്നീ മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക പഠന പരിപോഷണ പരിപാടിയും വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു |

| | | | | |
|---|---|---|---|---|
| | | | | **പട്ടികജാതി പട്ടികവർഗ്ഗ, വിദ്യാർത്ഥികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>**1. പ്രീ മെട്രിക് സ്കോളർഷിപ്പ്**<br><br>**2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**<br><br>**3. ഓവർസീസ് സ്കോളർഷിപ്പ്**<br><br>**4. പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ധനസഹായം**<br><br>**5.. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.**<br><br>**ഫിഷറീസ് വകുപ്പ്, പ്രസ്തുത വകുപ്പിൻ കീഴിൽ മത്സ്യതൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റെയ് പെന്റ്, ട്യൂഷൻ ഫീസ്, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, പോക്കറ്റ് മണി, സ്പെഷ്യൽ ഫീസ് എന്നിവ നൽകി വരുന്നു. പ്രസ്തുത ആവശ്യത്തിനായി 2022-23 സാമ്പത്തിക വർഷം 32.5കോടി രൂപ ഫിഷറീസ് വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പത്ത് ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭക്ഷണം, താമസ സൗകര്യം, യൂണിഫോം സ്പെഷ്യൽ കോച്ചിംഗ്, സ്റ്റഡി ടൂർ എന്നിവ പൂർണ്ണമായും സൗജന്യമാണ്. അതു കൂടാതെ മത്സ്യതൊഴിലാളി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇൻർനെറ്റ്, ടി.വി പ്രോജക്ടർ, പ്രിന്റർ എന്നിവ നൽകുന്നതിനുള്ള 'പ്രതിഭാതീരം' എന്ന പദ്ധതി ഫിഷറീസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യതൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസവും ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.** |

സെക്ഷൻ ഓഫീസർ